## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 387** **16.03.2017-ൽ മറുപടിയ്ക്ക്**

### കടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കാൻ നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ്<br>,, പി.ടി. തോമസ്<br>,, അനിൽ അക്കര<br>,, ഹൈബി ഈഡൻ : | | മാത്യൂ. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| എ | സംസ്ഥാനത്തെ കടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | എ യും ബി യും | സംസ്ഥാനത്തെ കുടിവെള്ള വിതരണത്തിനുള്ള പൈപ്പുകൾ വ്യക്തമായ പൈപ്പ് പോളിസിയുടെ അടിസ്ഥാനത്തിൽ ഓരോ സാഹചര്യത്തിനും യോജിച്ച രീതിയിലാണ് തിരഞ്ഞെടുക്കുന്നത്. നിലവിലെ കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കാൻ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.<br>1. പഴയതും കേടുവന്നതുമായ എ.സി, പ്രിമോ പൈപ്പുകൾ ഘട്ടം ഘട്ടമായി മാറ്റി പൈപ്പ് പോളിസി അടിസ്ഥാനമാക്കി ഗുണമേന്മയുള്ള പുതിയ പൈപ്പുകൾ സ്ഥാപിക്കൽ.<br>2. ജലശുദ്ധീകരണശാലകളുടെ സ്ഥാപിത ശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തി വിതരണത്തിന് കൂടുതൽ ജലം ലഭ്യമാക്കൽ.<br>3. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേട്ടു വന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപണികൾ സമയബന്ധിതമായി നടപ്പാക്കുകയും സ്റ്റാന്റ് ബൈ പമ്പ് സെറ്റുകൾ വാങ്ങി സ്ഥാപിക്കുകയും ചെയ്യുക.<br>4. വ്യാസം കുറഞ്ഞ പഴയ പൈപ്പുകൾ മാറ്റി വ്യാസം കൂടിയ പൈപ്പുകൾ സ്ഥാപിക്കുക.<br>5. വിതരണ ശൃംഖലയുടെ അറ്റകുറ്റപണികൾ യഥാസമയം നടത്താൻ ആവശ്യമായ കരാർ സംവിധാനങ്ങളും ബ്ലൂ ബ്രിഗേഡ് യൂണിറ്റുകളും ഏർപ്പെടുത്തുക.<br>6. രൂപകൽപ്പന അനുസരിച്ച് എല്ലാവർക്കും വെള്ളം എത്തിക്കാൻ ആവശ്യമായ വാൽവുകളും മീറ്ററുകളും മർദ്ദ നിയന്ത്രണ സംവിധാനങ്ങളും സ്ഥാപിക്കുക. |
| ബി | ഇതിനായി എന്തെല്ലാം ഭരണ നടപടികളാണ് കൈക്കൊണ്ടത്; വിവരിക്കുമോ; | | |
| സി | കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കാൻ നിലവിലുള്ള ഏതൊക്കെ പദ്ധതികളാണ് പ്രയോജനപ്പെടുത്തിയത്; വിശദാംശങ്ങൾ എന്തെല്ലാം? | സി | കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കുവാൻ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതി ഉപയോഗപ്പെടുത്തി വരുന്നു. കേന്ദ്ര ഗ്രാമീണ ശുദ്ധജല പദ്ധതി ഉപയോഗപ്പെടുത്തി ഗ്രാമങ്ങളിലെ വിതരണ |

ശൃംഖല വിപുലീകരിക്കുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു.

സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി വിതരണ ശൃംഖലകൾ കാര്യക്ഷമമാക്കുന്നതി ലേയ്ക്കായി ഈ സാമ്പത്തിക വർഷം 32.89 കോടി രൂപയുടെ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതു നടപ്പിലാക്കുന്നതിനായുള്ള തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

കൂടാതെ പ്രത്യേക നിക്ഷേപ പദ്ധതിയിൽ (കിഫ്ബി) ഉൾപ്പെടുത്തി 433.33 കോടി രൂപയുടെ പ്രധാന വിതരണ കുഴലുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ശുപാർശ പരിശോധിച്ചു വരുന്നു.

Renuka Sankar
സെക്ഷൻ ഓഫീസർ